# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 329** **26.02.2018 - ൽ മറുപടിയ്ക്ക്**

**കോന്നിയിലെ ലീഗൽ മെട്രോളജി ഓഫീസിന്റെ പ്രവർത്തനം**

**ചോദ്യം** **മറുപടി**

**ശ്രീ. അടൂർ പ്രകാശ്:**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കോന്നിയിലെ ലീഗൽ മെട്രോളജി ഓഫീസിന്റെ പ്രവർത്തനം ഏതു ഘട്ടത്തി ലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോന്നിയിലെ ലീഗൽ മെട്രോളജി ഓഫീസിന്റെ നിർമ്മാണം പൂർത്തിയായി, പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പെട്രോൾ, ഡീസൽ ടാങ്കുകളുടെ കാലിബ്രേഷൻ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ; | (ബി) | ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ 'ബേ' നിർമ്മാണം, 'അപ്രോച്ച് റോഡ്' എന്നിവ പൂർത്തിയാക്കുവാനുണ്ട്. ആയവ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (സി) | നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (സി) | പത്തനംതിട്ട ഫ്ലൈയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളറുടെ കാര്യാലയം, ട്രെയിനിംഗ് സെന്റർ, ആട്ടോറിക്ഷ സ്റ്റാംബിംഗ്, കോന്നി താലൂക്കിലെ കച്ചവടക്കാരുടെ അളവു - തൂക്ക ഉപകരണങ്ങൾ പുന:പരിശോധന ചെയ്യുന്നതിനുള്ള വെരിഫിക്കേഷൻ ക്യാമ്പ് എന്നിവ കോന്നി ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | കാലിബ്രേഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കുമ്പോൾ എന്തെല്ലാം പ്രവൃത്തികൾ ചെയ്യാനാവുമെന്ന് വെളിപ്പെടുത്തുമോ; | (ഡി) | ടാങ്കർ ലോറികളുടെ കാലിബ്രേഷൻ നടത്തി ആയതിനുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ കഴിയുന്നതാണ്. |
| (ഇ) | ആയവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ 'ബേ' നിർമ്മാണം, 'അപ്രോച്ച് റോഡ്' തുടങ്ങിയവ പൂർത്തിയാക്കുന്നതിനുവേണ്ട എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ